"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്-പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകാനുള്ള പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.539/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:- 1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.01.2022-ലെ കത്ത്

2. 10.02.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.53-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ആറന്മുള ഉത്രട്ടാതി വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും നിബന്ധനകളോടെ അനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2. മേൽ വിവരിച്ച സാഹചര്യത്തിൽ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പ്രോജക്ടിന് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു. പ്രോജക്ടിനായി വികസന ഫണ്ട് ഉപയോഗിക്കാവുന്നതല്ല എന്നാൽ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. മറ്റ് തദ്ദേശഭരണസ്ഥാപനങ്ങൾ ഈ വർഷം ഗ്രാന്റ് നൽകിയ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Nisam N**
**Date: 07-03-2022 12:03:18**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി